വിഷയം : കേരള വനംവകുപ്പ് – ജീവനക്കാര്യം –അറ്റൻഡർ ഗ്രേഡ് II തസ്തികയിലെ ഒഴിവ് നികത്തുന്നത് സംബന്ധിച്ച്.

സൂചന :

മേൽ വിഷയത്തിലേയ്ക്ക് അങ്ങയുടെ /താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. അരിപ്പ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ അറ്റൻഡർ ഗ്രേഡ് II തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്. ടി ഒഴിവ് തസ്തികമാറ്റത്തിലൂടെ നികത്തുന്നതിനായി വനം വകുപ്പിലെ യോഗ്യതയും താൽപര്യവുമുള്ള ഓഫീസ് അറ്റൻഡന്റ് / നൈറ്റ് വാച്ചർ തുടങ്ങിയ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അതിനാൽ അങ്ങയുടെ/ താങ്കളുടെ ഓഫീസിലും, താങ്കൾക്ക് കീഴിലുള്ള മറ്റ് ഓഫീസുകളിലും ജോലി നോക്കുന്ന ഓഫീസ് അറ്റൻഡന്റ്/ നൈറ്റ് വാച്ചർ വിഭാഗത്തില് ഉള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അറിയിപ്പ് നൽകണമെന്നും, യോഗ്യതയും താല്പര്യവുമുള്ള ജീവനക്കാരുടെ **അപേക്ഷകൾ** 05/07/2025 5 pm **നകം** ഈ ഓഫീസിൽ ലഭ്യമാക്കണമെന്നും അറിയിക്കുന്നു. അപേക്ഷകരുടെ സർവ്വീസ് വിവരങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുള്ള പ്രൊഫോർമയിൽ മേലധികാരി സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്. മേൽപ്പറഞ്ഞിട്ടുള്ള സമയപരിധി പാലിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചുകൊള്ളുന്നു. ഈ വിവരം താങ്കളുടെ പരിധിയിൽ വരുന്ന അർഹരായ എല്ലാ ഓഫീസ് അറ്റൻഡന്റ്/ നൈറ്റ് വാച്ചർ എന്നീ വിഭാഗത്തില് പെട്ട ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് എന്ന കാര്യം കൂടി ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
N Praseena
Date: 25-06-2025 11:01:44
**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**
**(ഭരണം)ക്കു വേണ്ടി**

പകർപ്പ്:- ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി)യ്ക്ക് വനം വകുപ്പിന് റെവെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.

വനം വകുപ്പാസ്ഥാനത്തെ എല്ലാ ഓഫീസുകൾക്കും/ സെക്ഷനുകൾക്കും തുടർനടപടികൾക്കായി നൽകുന്നു.